പി2-1408/2026/സാം.വ

സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം
അനന്തവിലാസം കൊട്ടാരം, ഫോർട്ട്.പി.ഒ,
തിരുവനന്തപുരം-23
email id: culturedirectoratec@gmail.com
Phone: 0471-2478193
തീയതി : 15.09.2026

ഡയറക്ടർ

ഡയറക്ടർ,
ഉന്നത വിദ്യാഭ്യാസ വകുപ്പ്,

സർ,

വിഷയം:

സാംസ്കാരിക വകുപ്പ് - സർക്കാരിന്റെ 100 ദിന കർമ്മപരിപാടി സ്കൂൾ ,കോളേജ് വിദ്യാർത്ഥികൾക്കായി ഹ്രസ്വ ചിത്ര മത്സരം സംഘടിപ്പിക്കുന്നത് സംബന്ധിച്ച്

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.സർക്കാരിൻറെ നൂറുദിന കർമ്മ പരിപാടിയുമായി ബന്ധപ്പെട്ട് വകുപ്പ് കോളേജ് വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി 'കേരളം കലയും സംസ്കാരവും ടൂറിസവും ' എന്ന വിഷയത്തിൽ Students Short Film competition സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത short film competition ന്റെ സമയപരിധി, എൻട്രികൾ ലഭിക്കുന്നതിനുള്ള അവസാന തീയതി എന്നിവ സംബന്ധിച്ച വിവരം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയത് താങ്കളുടെ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രദർശിപ്പിക്കുവാനും നടപടികൾ വകുപ്പിന് കീഴിലുള്ള കോളേജുകളെ അറിയിക്കുന്നതിനുമുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുന്നതിന് താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ

അഡ്മിനിസ്ട്രേറ്റീവ് ഓഫിസർ / അക്കൗണ്ട്സ് ഓഫീസർ
ഡയറക്ടർക്കുവേണ്ടി

പത്രക്കുറിപ്പ്

സ്കൂൾ , കോളേജ് വിദ്യാർഥികൾക്കായി ഷോർട് ഫിലിം മത്സരം സംഘടിപ്പിക്കുന്നു

സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ഹയർ സെക്കന്ററി സ്കൂൾ , ബിരുദ ബിരുദാനന്തര കോളേജ് വിദ്യാർത്ഥികൾക്കായി സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഹ്രസ്വചിത്ര മത്സരം സംഘടിപ്പിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന ഹ്രസ്വ ചിത്രങ്ങൾക്ക് പുരസ്കാരങ്ങൾ നൽകുന്നതാണ്.

രണ്ട് വിഭാഗങ്ങളിലായി (ഹയർസെക്കന്ററി വിഭാഗം / കോളേജ് വിഭാഗം (പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ) സംഘടിപ്പിക്കുന്ന മത്സരത്തിൽ സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം സഹിതം സമർപ്പിക്കേണ്ടതാണ്.

വിഷയം – "കേരളം – കലയും തനത് സംസ്കാരവും ടൂറിസവും"

സമയ ദൈർഘ്യം **ഒന്നു മുതൽ പത്ത് മിനിറ്റ്** വരെമാത്രമാണ്

എൻട്രികൾ സമർപ്പിക്കേണ്ട മെയിൽ ഐ ഡി – **shortfilm.compp.culture@gmail.com**
ബന്ധപ്പെടേണ്ട ഫോൺ നമ്പർ – **0471 2478193, 9447728351**
എൻട്രികൾ സ്വീകരിക്കുന്ന അവസാന തീയതി – **24/09/2026**

വിശദ വിവരങ്ങൾ സാംസ്കാരിക വകുപ്പിന്റെയും ചലച്ചിത്ര അക്കാദമിയുടെയും ഔദ്യോഗിക വെബ് സൈറ്റിലും , സോഷ്യൽ മീഡിയ പേജിലും ലഭ്യമാണ്.